**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ബ്ലോക്ക് തലത്തിൽ നടത്തുന്ന തുടർ സാക്ഷരത കലോത്സവം നടത്തിപ്പിനായി കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിൽപ്പെട്ട ഏഴ് പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും തുക ചെലവഴിയ്ക്കുന്നതിനുള്ള പ്രത്യേക അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.1796/2019/ത.സ്വ.ഭ.വ** തിരുവനന്തപുരം, തീയതി, **20/08/2019**

---

പരാമർശം:- 1. കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 6.7.2019ലെ 10(8)-ാം നമ്പർ തീരുമാനം.

2. കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറിന്റെ 17.07.2019ലെ അപേക്ഷ.

**<u>ഉത്തരവ്</u>**

കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിൽപ്പെട്ട ഏഴ് പഞ്ചായത്തുകളിൽ നിന്നും തുടർ സാക്ഷരതയിൽ രജിസ്റ്റർ ചെയ്ത പഠിതാക്കളെ ഉൾപ്പെടുത്തി ബ്ലോക്ക് തലത്തിൽ നടത്തുന്ന തുടർസാക്ഷരത കലോത്സവം നടത്തിപ്പിന്റെ ചെലവിലേക്കായി ബ്ലോക്ക് പരിധിയിലെ ഏഴ് പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും 5,000/- രൂപ വീതവും ബ്ലോക്ക് പഞ്ചായത്ത് ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും 25,000/- രൂപയും ചെലവഴിക്കാനുള്ള പ്രത്യേക അനുമതി നൽകണമെന്ന് പരാമർശം 2 പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തുടർ സാക്ഷരതയിൽ രജിസ്റ്റർ ചെയ്ത പഠിതാക്കളെ ഉൾപ്പെടുത്തി ബ്ലോക്ക് തലത്തിൽ നടത്തുന്ന തുടർ സാക്ഷരത കലോത്സവം നടത്തിപ്പിന്റെ ചെലവിലേക്കായി കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിൽപ്പെട്ട ചേലേമ്പ്ര, ചെറുകാവ്, മുതുവല്ലൂർ, പള്ളിക്കൽ, പുളിക്കൽ, വാഴക്കാട്, വാഴയൂർ എന്നീ ഏഴ് പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും 5,000/- രൂപ വീതവും ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും 25,000/- രൂപയും, ചെലവഴിയ്ക്കുന്നതിനുള്ള പ്രത്യേക അനുമതി പരാമർശം 1 ലെ ഭരണസമിതി തീരുമാനത്തിന് വിധേയമായി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ.**

**ഡെപ്യൂട്ടിസെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ , തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പ്രസിഡന്റ്/ സെക്രട്ടറി, കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് , മലപ്പുറം

ബന്ധപ്പെട്ട പഞ്ചായത്തുകളുടെ സെക്രട്ടറിമാർക്ക് ( പഞ്ചായത്ത് ഡയറക്ടർ മുഖേന )

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ